ഉത്തരം

(എ) ഇല്ല.

(ബി, സി, ഡി, ഇ) ഉദിക്കുന്നില്ല.

മാലിനിയുടേയും മകന്റേയും സംശയാസ്പദമായ മരണം

23 [2039] ശ്രീ. ഇ. അഹമ്മദ്:

,, സി. ടി. അഹമ്മദ് അലി:

,, ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1990 ഏപ്രിൽ മാസത്തിൽ കണ്ണൂർ ജില്ലയിലെ കക്കാട്ടെ മാടോടി കുറവ്യാട് മാലിനി എന്ന യുവതിയുടേയും അവരുടെ രണ്ടര വയസ് പ്രായമായ മകൻ ഷാറോണിന്റേയും സംശയാസ്പദമായ മരണത്തെക്കുറിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പരാതിയെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ ഫലം വെളിപ്പെടുത്തുമോ;

(ഡി) മരിച്ച മാലിനിയുടെ ഭർത്താവ് പണത്തിനുവേണ്ടി നിരന്തരം ഈ സ്ത്രീയെ ഉപദ്രവിച്ചിരുന്നു എന്ന് പരാതിയിൽ പ്രസ്താവിച്ചിട്ടുണ്ടോ;

(ഇ) അതേപ്പറ്റിയുള്ള അന്വേഷണഫലം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അന്വേഷണം പൂർത്തിയാകാത്തതിനാൽ ഫലം ഇപ്പോൾ വെളിപ്പെടുത്താനാവില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മുക്കുവൻകുടി ഭാഗത്തെ ഹരികുമാറിന്റെ സംശയകരമായ മരണം

24 [2040] ശ്രീ. ഉമ്മൻ ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പള്ളി പഞ്ചായത്തിൽ മുക്കുവൻകുടി ഭാഗത്ത് വടക്കേടത്തിൽ വീട്ടിൽ ഇന്ദിരാദേവിയുടെ പുത്രൻ ഹരികുമാറിന്റെ സംശയകരമായ മരണത്തെക്കുറിച്ച് ക്രൈം ബ്രാഞ്ചിനെക്കൊണ്ട് അന്വേഷിക്കണമെന്നുള്ള ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്രയുംവേഗം അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹരികുമാറിന്റെ മരണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. എന്നാൽ ടി പരാതിയിൽ പ്രൈകം ബാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

കുഞ്ഞപ്പൻ എന്ന വ്യാപാരിയുടെ കൊലപാതകം

25 [2041] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ കുഞ്ഞപ്പൻ എന്ന വ്യാപാരി കൊല്ലപ്പെട്ടതെന്നാണ്;

(ബി) പ്രസ്തുത കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കാരണം എന്താണ്?

ഉത്തരം

(എ) 6-11-1987-ൽ.

(ബി) ഇല്ല.

(സി) ഇതുവരെ നടത്തിയ അന്വേഷണത്തിൽ പ്രതിയെക്കുറിച്ച് സൂചനകളൊന്നും ലഭിച്ചിട്ടില്ല. അന്വേഷണം തുടരുകയാണ്.

കായലാട്ട് നാരായണക്കുറുപ്പിന്റെ മരണം

26 [2042] ശ്രീമതി എം. ടി. പത്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിലെ തിക്കോടിയിലെ കായലാട്ട് നാരായണക്കുറുപ്പിന്റെ 9-12-1990-ലുണ്ടായ മരണത്തെക്കുറിച്ച് അന്വേഷിക്കുകയുണ്ടായോ;

(ബി) എങ്കിൽ മരണത്തിന് കാരണക്കാരായവരെ കണ്ടെത്തിയോ;

(സി) എങ്കിൽ എന്ത് നടപടി കൈക്കൊണ്ടു എന്നു വെളിപ്പെടുത്താമോ?

ഉത്തരം

(എ) അന്വേഷിക്കുകയുണ്ടായി.

(ബി) ഇല്ല.

(സി) പ്രതികളെ കണ്ടെത്തുന്നതിനായി താമരശ്ശേരി സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly